**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3606** **12-03-2025 - ൽ മറുപടിയ്ക്ക്**

**നാല്വ വർഷ ബിരുദ പ്രോഗ്രാമുകളുടെ ചോദ്യബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നാല്വ വർഷ ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷ നടത്തിപ്പിന് ചോദ്യബാങ്ക് ഉപയോഗിച്ച് ചോദ്യപേപ്പറുകൾ തയാറാക്കുന്ന രീതി അവലംബിക്കണമെന്ന് റെഗുലേഷനിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ; | (എ) | സോഫ്റ്റ്‌വെയർ സഹായത്തോടെ ക്വസ്റ്റ്യൻ ബാങ്ക് ഉൾപ്പെടെയുള്ള മൊഡ്യൂളുകളെ സംബന്ധിച്ച് FYUGP മാതൃക റഗുലേഷനിൽ നിർദ്ദേശിച്ചിരുന്നു. കാലിക്കറ്റ്, കണ്ണൂർ, മലയാളസർവകലാശാലകളുടെ റെഗുലേഷനുകളിൽ ഇതുസംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | നാല്വ വർഷ ബിരുദ വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ അപ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണോ തയ്യാറാക്കിയിരുന്നതെന്നും അല്ലെങ്കിൽ ആയതിന്റെ കാരണവും വിശദമാക്കാമോ; | (ബി) | കേരള, മഹാത്മാഗാന്ധി, കണ്ണൂർ, കാലിക്കറ്റ് സർവകലാശാലകൾ 2024-'25 അധ്യയന വർഷം FYUGP-യുടെ ആദ്യ സെമസ്റ്റർ പരീക്ഷയ്ക്ക് ചോദ്യബാങ്ക് സംവിധാനം പ്രയോജനപ്പെടുത്തിയിരുന്നു. ചോദ്യബാങ്കിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാവാത്ത സാഹചര്യത്തിൽ മലയാളസർവകലാശാലയിൽ ഇപ്രകാരം ചോദ്യപ്പേപ്പർ തയ്യാറാക്കാൻ സാധിച്ചിരുന്നില്ല. |
| (സി) | പ്രസ്തുത ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ സർവ്വകലാശാലയും നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | **കേരള സർവകലാശാല**<br><br>നാല്വ വർഷ ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾക്കായി ബോർഡ് ഓഫ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ ഓരോ കോഴ്സിനും പത്തു ചോദ്യപ്പേപ്പർ വീതമുള്ള ചോദ്യപ്പേപ്പർ ബാങ്ക് തയ്യാറാക്കുകയും ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ സ്കൂട്ടിനൈസ് ചെയ്യുകയും അവയിൽ നിന്നും തെരഞ്ഞെടുത്ത ചോദ്യപ്പേപ്പർ അടിസ്ഥാനമാക്കി പരീക്ഷയും മൂല്യനിർണ്ണയവും പൂർത്തിയാക്കുകയും ചെയ്തു.<br><br>**എം.ജി. സർവകലാശാല**<br><br>ഓരോ വിഷയത്തിന്റെയും ബോർഡ് ഓഫ് സ്റ്റഡീസ് കൺവീനർമാരുടെ കീഴിൽ, Co-ordinators, contributors എന്നിവർ മുഖേന ചോദ്യബാങ്കുകൾ തയ്യാറാക്കി ആയവയിൽ നിന്നുമാണ് നാല് വർഷ |

ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ ചോദ്യപേപ്പറുകൾ തയ്യാറാക്കി പരീക്ഷകൾ നടത്തിയത്.

**കാലിക്കറ്റ് സർവകലാശാല**

കാലിക്കറ്റ് സർവകലാശാലയിൽ വിവിധ പഠന ബോർഡുകളുടെ നേതൃത്വത്തിൽ ശില്പശാലകൾ നടത്തി ചോദ്യങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യുന്ന പ്രവർത്തനം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

**കണ്ണൂർ സർവകലാശാല**

FYUGP ഒന്ന്, രണ്ട് സെമസ്റ്ററുകളിലെ ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെ ബന്ധപ്പെട്ട അധ്യാപകർക്ക് ഓൺലൈനായും ഓഫ് ലൈനായും പലപ്പോഴായി ശിൽപശാലകൾ നടത്തിയിട്ടുണ്ട്.

**കുസാറ്റ്**

സർവ്വകലാശാല ഡിപ്പാർട്ട്മെന്റ്കളിലൂടെ മാത്രമാണ് FYUG പ്രോഗ്രാമുകൾ നടത്തി വരുന്നത്. ഈ പ്രോഗ്രാമുകളുടെ Continuous Assessment and End Semester മൂല്യനിർണയം ഡിപ്പാർട്ട്മെന്റ് വഴിയാണ് നടത്തുന്നത്. പ്രോഗ്രാമിന്റെ നടത്തിപ്പും അതിന്റെ മൂല്യനിർണയവും നിരീക്ഷിക്കാനുള്ള അധികാരം ഡിപ്പാർട്ട്മെന്റ് കൗൺസിലിനാണ്. ചോദ്യപേപ്പറുകൾ അതാത് കോഴ്സ് അധ്യാപകരാണ് തയ്യാറാക്കുന്നത്, അത് ഡിപ്പാർട്ട്മെന്റിലെ വിദഗ്ധ സമിതി സൂക്ഷ്മമായി പരിശോധിക്കുന്നു. അതിനാൽ ഈ പ്രോഗ്രാമുകൾക്ക് പ്രത്യേക ചോദ്യ ബാങ്കിന്റെ ആവശ്യമില്ല.

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല**

മലയാള സർവകലാശാലയിൽ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ചോദ്യ ബാങ്ക് തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകുന്നതിന് 25.09.2024ന് അധ്യാപകർക്കുവേണ്ടി ഒരു ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി.

ചോദ്യ ബാങ്ക് തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനുമായി 21.01.2025 തിയതിയിൽ യൂണിവേഴ്സിറ്റിയിൽ വെച്ച്

| | | | |
|---|---|---|---|
| | | | അധ്യാപർക്കായി ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു.<br><br>**<u>ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാല</u>**<br><br>നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ പരീക്ഷാ നടത്തിപ്പിനുള്ള ചോദ്യബാങ്ക് ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ തയ്യാറാക്കിയിട്ടില്ല. |
| (ഡി) | പ്രസ്തുത സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യ ബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാലകളിൽ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റികളുൾപ്പെടെയുള്ള വിവിധ കമ്മിറ്റികളുടെ വിശദാംശങ്ങളും അവയിലെ അംഗങ്ങളുടെ ഔദ്യോഗിക മേൽവിലാസം, സാങ്കേതിക യോഗ്യതകൾ എന്നിവയും ലഭ്യമാക്കാമോ? | (ഡി) | **<u>കേരള സർവകലാശാല</u>**<br><br>ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ നേതൃത്വത്തിലാണ് ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത്.<br><br>**<u>എം.ജി. സർവകലാശാല</u>**<br><br>നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്കുള്ള ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നാല് ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ സമിതിയിലേയും കൺവീനർ, അംഗങ്ങൾ എന്നിവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :<br><br>**<u>I.</u>** <u>Training</u><br><br>1. Sri. Aravind R, Assistant Professor, Dept. of Economics, Govt. College, Kottayam (Convenor)<br><br>2. Dr. Sajeev U S, Assistant Professor, Dept. of Physics, Govt. College, Kottayam<br><br>3. Dr. Scintila N J, Assistant Professor, Dept. of Islamic History, Maharajas College, Ernakulam<br><br>4. Dr. Manesh N A, Assistant Professor, Dept. of Commerce, Govt. College, Munnar<br><br>5. Dr. Jacob Abraham, Professor, Dept. of Electronics, BPC College, Piravom<br><br>6. Smt. Jisha Mary Mathew, Assistant Professor, Dept of Commerce, CMS College, Kottayam<br><br>7. Dr. Johney Johnson, Professor & Dean, School of Management and Business Studies, MGU<br><br>8. Dr. Biju P R, Professor, School of Pure and Applied Physics, MGU |

9. Dr. Santhosh P Thampi, Professor and Head, School of Management and Business Studies, MGU

10. Dr. Bins M Mathew, Assistant Professor, Dept. of Malayalam, SB College, Changanassery

**II.** Syllabus

1. Dr. Varghese K Cherian, Principal, MACFAST College, Thiruvalla (Convenor)

2. Dr. Anup J Arackappally, Assistant Professor, Dept. of Commerce, Govt. College, Kattappana

3. Dr. Sreesha Sasi, Professor, Dept. of Chemistry, Maharajas College, Ernakulam

4. Dr. Anish A U, Associate Professor, Dept. of Geology, Govt. College, Kottayam

5. Dr. Mini K D, Associate Professor, Dept. of Zoology, Sree Sankara College, Kalady

6. Smt. Sreelekshmi A R, Assistant Professor, Dept. of English, Sree Sankara Vidyappedom College, Valayanchirangara

7. Dr. Krishnakumar M V, Assistant Professor, Dept. of History, Newman College, Thodupuzha

8. Dr. Ebby Joseph Idicula,Assistant Professor, Dept. of Commerce, BAM College, Thuruthikkad

**III.** Question Bank - Exam

1. Dr. Libin Kuriakose, Associate Professor, Dept. of Physics, St. Thomas College, Pala (Convenor)

2. Dr. Nisha K, Assistant Professor, Dept. of Chemistry, Govt. College, Kattappana

3. Dr. Renjith Mohan P, Assistant Professor, Dept of Commerce, Govt. College, Kottayam

4. Smt. Hairunneesa, Assistant Professor, Dept. of Zoology, Govt. College, Elanthur

5. Dr. Niji C I, Associate Professor, Dept. of English, Govt. College, Tripunithura

6. Sri. Lijo Sebastian, Assistant Professor, Dept. of History, Baselius College, Kottayam

7. Dr. Indu C Nair, Associate Professor, Dept. of Biotechnology, SAS SNDP Yogam College, Konni

8. Dr. Jyothimol P, Professor, Dept. of English, Baselius College, Kottayam

9. Sri. Manjesh Mathew, Assistant Professor, Dept. of Chemistry, St. Thomas College, Pala

**IV**. IT

1. Sri. Ligin P Mathew, Assistant Professor, Dept. of Mathematics, St. Thomas College, Kozhencherry (Convenor)

2. Smt. Simi Sebastian, Assistant Professor, Dept. of Statistics, Govt. College, Kattappana

3. Dr. Prasanna Rajan, Assistant Professor, Dept. of Botany, Govt. College, Kottayam

4. Dr. Krishnaprasad P S, Assistant Professor, Dept. of Physics, Maharajas College, Ernakulam

5. Lt. Dr. Harinarayanan G, Assistant Professor, Dept. of Chemistry, DB College, Thalayolaparambu

6. Dr. Sreeja S, Assistant Professor, Dept. of Physics, Al-Ameen College, Edathala

**കാലിക്കറ്റ് സർവകലാശാല**

കാലിക്കറ്റ് സർവകലാശാലയിൽ ചോദ്യ ബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് എട്ട് അംഗങ്ങളുടെ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ വിശദ വിവരങ്ങൾ താഴെ നൽകുന്നു :

1. Dr. Ajith Kumar B P, Senior Scientist (Retd), IUAC, New Delhi

2. Sri. Priyesh K. G., Associate Professor, Dept. of Computer Science, NSS College, Ottapalam

3. Sri. Rajesh R., Associate Professor, Dept. of Computer Science, NSS College, Ottapalam

4. Dr.Jiju A.Mathew, Associate Professor, Dept. of Computer Science, St. Thomas College, Thrissur

5. Sri. Sameer V. V., Asst. Professor, Dept. of Computer Science, Farook College, Kozhikode

6. Ms. Bodhy Krishna S., Asst. Professor, Dept. of Computer Science, Farook College, Kozhikode

7. Dr. Suresh V., Associate Professor of Botany, Government Victoria College, Palakkad

8. Dr. Anish Kumar M. S., Asst. Professor, Dept of Electronics, Govt. College Chittur, Palakkad.

**കണ്ണൂർ സർവകലാശാല**

ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവകലാശാല രൂപീകരിച്ച വിവിധ കമ്മിറ്റികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു :

i)ചോദ്യബാങ്ക് വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി കണ്ണൂർ സർവകലാശാലാ മാങ്ങാട്ടുപറമ്പ കാമ്പസിലെ മാത്തമാറ്റിക്കൽ സയൻസ് വിഭാഗം മേധാവി ഡോ. മുരളീധരൻ കെ. ടി. യെ നിയമിച്ചിട്ടുണ്ട്.

ii)അഫിലിയേറ്റഡ് കോളേജുകളിൽ ചോദ്യബാങ്ക് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് പ്രോ-വൈസ് ചാൻസലർ കൺവീനറായും, പരീക്ഷാ കൺട്രോളർ, ഡോ. കെ.ടി. ചന്ദ്രമോഹൻ (സിൻഡിക്കേറ്റ് അംഗം), ഡോ. ടി.കെ മുരളീധരൻ (അസോസിയേറ്റ് പ്രൊഫസർ, മാത്തമാറ്റിക്സ് വിഭാഗം), ഡോ. എൻ. എസ് ശ്രീകാന്ത് (അസോസിയേറ്റ് പ്രൊഫസർ, ഐ.ടി. വിഭാഗം) എന്നിവർ അംഗങ്ങളായും എക്സാമിനേഷൻ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

iii) ഡോ. എൻ. എസ് ശ്രീകാന്ത് (അസോസിയേറ്റ് പ്രൊഫസർ, ഐ.ടി. വിഭാഗം മേധാവി) കൺവീനറായും, ഐ.ടി. സെന്റർ ഡയറക്ടർ, ഐ.ടി. വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ഡോ. ആർ. കെ. സുനിൽ കുമാർ, പരീക്ഷാ കൺട്രോളർ എന്നിവർ അംഗങ്ങളായും ഓട്ടോമേറ്റഡ് ക്വസ്റ്റ്യൻ പേപ്പർ ജനറേഷൻ ആൻഡ് ക്വസ്റ്റ്യൻ ബാങ്ക് ക്രിയേഷൻ സിസ്റ്റത്തിന്റെ സോഫ്റ്റ് വെയർ

| | | |
|---|---|---|
| | | അവലോകനത്തിനുള്ള ആഭ്യന്തര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ